# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1214 12/07/2011 ൽ മറുപടിക്ക്

## റാങ്ക് ലിസ്റ്റ് കാലാവധി നീട്ടാൻ നടപടി

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. കെ.രാജു | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) സംസ്ഥാനത്ത് വിരമിക്കൽ തീയതി ഏകീകരിച്ചതുമൂലം ഉദ്യോഗാർത്ഥികൾക്ക് അവസരനഷ്ടം സംഭവിക്കാതിരിക്കുവാനായി 2009-10, 2010-11 എന്നീ ധനകാര്യ വർഷങ്ങളിൽ പി.എസ്.സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) സർക്കാരിന്റെ നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി റാങ്ക് ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽ നഷ്ടമാകുന്ന ഒഴിവുകൾ പി.എസ്.സി.യെ അറിയിക്കണമെന്നുള്ള സർക്കാർ ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ? | (ബി) നടപ്പു സാമ്പത്തിക വർഷത്തിൽ 31.3.2012-ൽ ജീവനക്കാർ വിരമിക്കുന്നതിന് അനുസരണമായി എൻട്രി കേഡറിൽ ഉണ്ടാകാവുന്ന ഒഴിവുകൾ ഉൾപ്പെടെ, എല്ലാ പ്രതീക്ഷിത ഒഴിവുകളും കേരള പബ്ലിക് സർവ്വീസ് കമ്മീഷനെ അറിയിക്കാൻ എല്ലാ നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ റാങ്ക്ലിസ്റ്റിന്റെ കാലാവധി തീരുന്ന ദിവസം വരെയുള്ള ഒഴിവുകൾ കൂടി കണക്കിലെടുത്തുകൊണ്ടായിരിക്കണം ഒഴിവുകൾ പി.എസ്.സി.യെ അറിയിക്കേണ്ടത് എന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത സർക്കുലറിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

# കേരള സർക്കാർ

## ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ-സി) വകുപ്പ്

## സർക്കുലർ

നമ്പർ 9222/ഉപ.സി.3/2011/ഉ.ഭ.പ.വ. തിരുവനന്തപുരം, 2011 ജൂൺ [illegible].

വിഷയം:—ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുന്നത്—സംബന്ധിച്ച്.

സൂചന:— 4-6-2011-ലെ ചീഫ് സെക്രട്ടറിയുടെ 3544(7)/വി.ഐ.പി./11/സി.എസ്.ഒ. നമ്പർ കുറിപ്പ്.

നടപ്പു സാമ്പത്തിക വർഷത്തിൽ 31-3-2012 വരെ ഉണ്ടാകാൻ സാധ്യതയുള്ള എല്ലാ പ്രതീക്ഷിത ഒഴിവുകളും, 31-3-2012-ൽ ജീവനക്കാർ വിരമിക്കുന്നതിന് അനുസരണമായി എൻട്രി കേഡറിൽ ഉണ്ടാകാവുന്ന ഒഴിവുകൾ ഉൾപ്പെടെ, രണ്ടാഴ്ചയ്ക്കകം നിർബന്ധമായും കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്ത് ആയതിന്റെ പകർപ്പ് സർക്കാരിലേക്ക് (സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്) അയയ്ക്കണമെന്ന് ഇതിനാൽ നിർദ്ദേശിക്കുന്നു. കൂടാതെ ഒഴിവുള്ള തസ്തികയുടെ റാങ്ക് ലിസ്റ്റിന്റെ കാലാവധി തീരുന്ന ദിവസം വരെയുള്ള ഒഴിവുകൾകൂടി കണക്കിലെടുത്തുകൊണ്ടായിരിക്കണം നിയമനാധികാരികൾ ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷനെ അറിയിക്കേണ്ടത്. പ്രത്യേക തസ്തികയിലെ റാങ്ക് ലിസ്റ്റ് അവസാനിക്കുന്ന തീയതി അറിയാൻ നിയമനാധികാരികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷനുമായി ബന്ധപ്പെടേണ്ടതാണെന്നും നിർദ്ദേശിക്കുന്നു.

ടി. ജെ. മാത്യു,
*സെക്രട്ടറി.*

GCPT. 3/2334/2011/DTP.

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും.

എല്ലാ വകുപ്പ് മേധാവികൾക്കും.

പൊതുമേഖലാ സ്ഥാപനങ്ങളുടെ ചീഫ് എക്സിക്യൂട്ടീവുമാർക്കും.

മറ്റു സർക്കാർ സ്ഥാപനങ്ങളുടെ മേധാവികൾക്കും.

എല്ലാ ജില്ലാ കളക്ടർമാർക്കും.

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം).

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും, എല്ലാ സെക്ഷനുകൾക്കും.

വിവര പൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടർക്കും.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

---